ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW)
അഞ്ചാംനില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം – 03

ഫോൺ: 0471-2324951
0471-2325071
ടെലി ഫാക്സ് - 0471-2324951
ഇമെയിൽ -celsgd@gmail.com
വെബ് സൈറ്റ് www.celsgd.kerala.gov.in

നം: ഇ 7/5117/22/സിഇ/തസ്വഭവ

തീയതി. 14/10/2022

## സർക്കുലർ

വിഷയം : തസ്വഭവ- 2021-22, 2022-23 സാമ്പത്തിക വർഷത്തെ ശമ്പളവും മറ്റ് അലവൻസുകളും വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച തുകകളും റീകൺസിലേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : അക്കൗണ്ടന്റ് ജനറലിന്റെ കത്ത് നം. DAE2/GL/Recon/2022-23, dtd. 14/09/22

സൂചന പ്രകാരം 2515,4515,4210,4217 എന്നീ ശീർഷകങ്ങളിൽ ഈ വകുപ്പിൽ നിന്നും **2021-22** സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക, പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക എന്നിവയ്ക്ക് ചെലവഴിക്കപ്പെട്ട തുകയുടെ ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനും, ഇതോടൊപ്പം **2022-23** സാമ്പത്തിക വർഷത്തെ ജൂൺ മാസം <u>(06/22)</u> വരെയുള്ള **2515, 4515** എന്നീ ശീർഷകങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ട്രഷറി റീകൺസിലേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ എല്ലാ DDO മാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് ചെലവ് കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

1) ശമ്പള ശീർഷകങ്ങളിലേയും നിർമ്മണ പ്രവൃത്തികൾക്ക് വേണ്ടി തുക അനുവദിച്ചിട്ടുള്ള കണക്കുകൾക്ക് ട്രഷറി റീകൺസിലേഷൻ നടത്തി സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.
2) സൗത്ത് സർക്കിൾ/ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസുകളിലേയും അവരുടെ നിയന്ത്രണത്തിൽ വരുന്ന മുൻസിപ്പാലിറ്റി , കോർപ്പറേഷൻ ബന്ധപ്പെട്ട ചെലവുകണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ട്രഷറി റീകൺസിലേഷൻ നടത്തി ആയതിന്റെ വിശദാംശങ്ങൾ അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
3) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ ഓഫീസിലേയും ടിയാന്റെ നിയന്ത്രണത്തിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിലേയും ചെലവ് കണക്കുകൾ

കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതും ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

4) കെ.എസ്.ആ.ഡി.എ ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയും ടിയാന്റെ നിയന്ത്രണത്തിൽ വരുന്ന 14 PIU ഓഫീസുകളിലേയും ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ട്രഷറി റീ കൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ചെലവ് കണക്കുകളിൽ കൃത്യത പാലിക്കേണ്ടതുമാണ്. ചെലവ് കണക്കുകൾ റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് 'celsgdbudgetestimate@gmail.com' എന്നതിൽ മെയിൽ മുഖാന്തിരം 20.10.2022 ന് 2 മണിക്ക് മുമ്പായി ലഭ്യമാക്കി നൽകേണ്ടതാണ്. **റീകൺസിലേഷൻ സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട ശീർഷകങ്ങൾ രേഖപ്പെടുത്തി നൽകേണ്ടതാണ്.**

എല്ലാ ഡിഡിഒ മാരും/കൺട്രോളിംഗ് ഓഫീസർമാരും ചെലവ് കണക്കുകൾ കർശനമായും റീകൺസിലേഷൻ നടത്തി നൽകേണ്ടതും, ഇക്കാര്യത്തിൽ കൃത്യത പാലിക്കണമെന്നും ഇതിലെ പിഴവുകൾ അതാത് ഡിഡിഒ മാർ ഉത്തരവാദികളായിരിക്കുമെന്നും ഓർമ്മിപ്പിക്കുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

പകർപ്പ്

1) ചീഫ് എഞ്ചിനിയർ, KSRRDA.
2) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും.
3) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, PIU യിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
4) എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എഞ്ചിനീയർമാർക്കും.
5) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റ്.
6) സ്റ്റോക്ക് ഫയൽ

LA